ഉത്തരം

(എ) വിജിലൻസ് കേസ് നിലവിലുള്ള 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥർ സസ്പെൻഷനിലും 24 (ഇരുപത്തിനാല്) പേർ സർവ്വീസിലുമുണ്ട്.

(ബി ആന്റ് സി) കേസിനെ സംബന്ധിച്ച വ്യക്തമായ വിവരം ഇല്ലാതെ മറുപടി നൽകാൻ നിർവാഹമില്ല.

അബ്കാരി കേസ്സുകളും സ്പെഷ്യൽ കോടതി രൂപീകരണവും

110 [3697] ശ്രീ. പി. ജെ. ജോയി:

,, ഇ. എം. അഗസ്തി:

,, ഡൊമിനിക് പ്രസന്റേഷൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോടതികളിലായി ഇപ്പോൾ എത്ര അബ്കാരി കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) അവയിൽ ഏറ്റവും പഴക്കം ചെന്ന കേസ് രജിസ്റ്റർ ചെയ്തതെന്നാണ്;

(സി) ഈ കേസ്സുകളിൽ തീർപ്പുകൽപ്പിക്കാൻ എത്ര സമയം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) അബ്കാരി കേസ്സുകൾക്കുവേണ്ടി മാത്രം സ്പെഷ്യൽ കോടതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 30-6-2004-ലെ കണക്ക് അനുസരിച്ച് വിവിധ കോടതികളിലായി 15,015 കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ട്.

(ബി) 5-6-1962-ൽ.

(സി) ഇത് ബഹു. കോടതിയുടെ അധികാരപരിധിയിൽപ്പെട്ട കാര്യമാണ്.

(ഡി) 31-3-2003-ലെ ജി.ഒ.(എംഎസ്.) നം. 78/2003/ആഭ്യന്തരം ഉത്തരവ് പ്രകാരം അബ്കാരി കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി നെയ്യാറ്റിൻകരയിലും കൊട്ടാരക്കരയിലും ഓരോ കോടതികൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കോടതികൾ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly